## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4950      14-11-2019 -ൽ മറുപടിക്ക്

### റോഡുകളുടെയും പാലങ്ങളുടെയും പുന:നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ വർഷത്തെ പ്രളയത്തിലും കാലവർഷത്തിലും തകർന്ന റോഡുകളും പാലങ്ങളും പുന:നിർമ്മിക്കുന്നതിനാവശ്യമായ തുക ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) | നടപടി സ്വീകരിച്ചിട്ടുണ്ട്; 2019-ൽ കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിവിധ ജില്ലകളിലായി 91,74,44,000/- രൂപയുടെ (തൊണ്ണൂറ്റൊന്ന് കോടി എഴുപത്തിനാല് ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ മാത്രം) ഭരണാനുമതി നല്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഇപ്രകാരം 971.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) & സി) | പ്രളയക്കെടുതികളിൽ തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാകളക്ടർ ശിപാർശ സമർപ്പിച്ചിട്ടില്ല. |
| സി) | പ്രസ്തുത തുക ഈ പ്രവൃത്തികൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ